**കേരള സർക്കാർ**
**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - സമഗ്ര കേരള വികസനത്തിന് വേണ്ടി അഞ്ചു വർഷം കൊണ്ട് ജന പങ്കാളിത്തത്തോടെ പൂർത്തിയാക്കുവാനുദ്ദേശിക്കുന്ന സമ്പൂർണ്ണ പാർപ്പിട സുരക്ഷ പദ്ധതി (LIFE) - നിർദ്ദേശങ്ങൾ തത്വത്തിൽ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്

സ.ഉ(കൈ)നം. 160/16/തസ്വഭവ തിരുവനന്തപുരം, തീയതി : 08.11.2016

## ഉത്തരവ്

അടുത്ത അഞ്ചു വർഷത്തിനുള്ളിൽ കേരളത്തിലെ എല്ലാ ഭവനരഹിതർക്കും വീട് ലഭ്യമാക്കുന്നതിനും ഭൂരഹിത-ഭവന രഹിതർക്ക് സ്വന്തമായി തൊഴിൽ ചെയ്ത് ഉപജീവനം നിർവ്വഹിക്കുന്നതിനും സാമൂഹിക പ്രക്രിയകളിൽ ഭാഗഭാക്കാകാനും സാമ്പത്തിക സേവനങ്ങൾ ഉൾപ്പെടെ എല്ലാ സാമൂഹിക ക്ഷേമ പദ്ധതികളുടെയും പ്രയോജനം കേന്ദ്രീകരിക്കാനും ഉതകുന്ന സുരക്ഷിതവും മാന്യവുമായ വീടുകൾ ലഭ്യമാക്കുക എന്ന ഉദ്ദേശത്തോടെ സമ്പൂർണ്ണ പാർപ്പിട സുരക്ഷ പദ്ധതി (LIFE) നടപ്പിലാക്കുന്നതിനായി താഴെപറയുന്ന നിർദ്ദേശങ്ങൾ തത്വത്തിൽ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

1) സമൂഹത്തിലെ ഏറ്റവും താഴേക്കിടയിലുള്ളവർക്കും വിധവകൾക്കും അഗതികൾ ഉൾപ്പെടെയുള്ളവർക്കും ഈ പദ്ധതിയിൽ മുൻഗണന നൽകുന്നതാണ്;

2) സ്വന്തമായി വീടും സ്ഥലവുമില്ലാത്തവർക്ക് സ്ഥലം ലഭ്യമാക്കി ഓരോ പ്രദേശങ്ങൾക്കനുയോജ്യമായ ഫ്ലാറ്റ് സമുച്ചയങ്ങൾ നിർമ്മിച്ച് നൽകുന്നതാണ്;

3) പട്ടികവർഗ്ഗ മേഖലകളിൽ അട്ടപ്പാടി മോഡലിൽ വിശ്വാസ്യതയുള്ള ഏജൻസികൾ മുഖാന്തിരം ഗുണഭോക്തൃ പങ്കാളിത്തത്തോടെ ഭവന നിർമ്മാണം നടത്തേണ്ടതാണ്;

4) ഭൂരഹിത ഭവന രഹിത മത്സ്യത്തൊഴിലാളികൾക്ക് ഫിഷറീസ് വകുപ്പ് മുഖേന, യൂണിറ്റ് കോസ്റ്റ് 10 ലക്ഷം രൂപയിൽ കവിയാതെ, സ്ഥലം ലഭ്യമാക്കി വീട് നിർമ്മിച്ചു നൽകുന്ന ബജറ്റിൽ പ്രഖ്യാപിച്ചിരിക്കുന്ന പദ്ധതിയും ഈ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കേണ്ടതാണ്;

5) വിവിധ വകുപ്പുകളിലായി ഇപ്പോൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന വ്യത്യസ്ത ഭവന പദ്ധതികൾ സംയോജിപ്പിച്ച് സമ്പൂർണ്ണ പാർപ്പിട സുരക്ഷ പദ്ധതിയിലൂടെ ഏകോപിപ്പിച്ച് നടത്തേണ്ടതാണ്;

6) കേന്ദ്ര സർക്കാർ, സംസ്ഥാന സർക്കാർ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവകളിലൂടെ ഭവന പദ്ധതികൾക്കായി മാറ്റി വച്ചിട്ടുള്ള പണം ലൈഫ് പ്രോജക്ടിന്റെ നടത്തിപ്പിലേയ്ക്ക് പൂർത്തിയാക്കിയ പണികളുടെ സാക്ഷ്യപ്പെടുത്തലിലൂടെ വിതരണം ചെയ്യുന്നതിന് മാനദണ്ഡങ്ങൾ ഉണ്ടാക്കുന്നതുൾപ്പെടെയുള്ള ഒരു സമഗ്ര സർക്കാർ ഉത്തരവ് പുറപ്പെടുവിക്കേണ്ടതാണ്;

7) കേരളത്തിലെ എഞ്ചിനീയറിംഗ് കോളേജുകളെയും, പോളിടെക്നിക്കുകളെയും സമ്പൂർണ്ണ പാർപ്പിട പദ്ധതിയിൽ തേർഡ് പാർട്ടി ടെക്നിക്കൽ ഏജൻസികളായി നിയമിക്കാവുന്നതും, ഇവയുടെ ഏകോപനത്തിന് നേതൃത്വം നൽകുന്നതിനുമായി എൻ.ഐ.റ്റി. കോഴിക്കോടിനെയും, സി.ഇ.റ്റി തിരുവനന്തപുരത്തിനേയും മുഖ്യ തേർഡ് പാർട്ടി ടെക്നിക്കൽ ഏജൻസികളായി നിയമിക്കേണ്ടതുമാണ്;

8) പണി പൂർത്തിയാക്കാതെ കിടക്കുന്ന ഭവനങ്ങളുടെ സാങ്കേതിക ഓഡിറ്റ് നടത്തുന്നതിനും അവയുടെ പൂർത്തീകരണത്തിനാവശ്യമായ തുകയെത്രയെന്ന് നിർണ്ണയിക്കുന്നതിനും ജില്ലാതലത്തിലും ബ്ളോക്ക് തലത്തിലും Third Party Technical Agency കളെ എംപാനൽ ചെയ്യേണ്ടതും, നിർമ്മാണ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുന്നതിന് ചുമതലപ്പെടുത്തേണ്ടതുമാണ്;

9) പണി പൂർത്തിയാകാതെ നിലവിൽ ഭവന നിർമ്മാണ സഹായം ലഭിച്ചിട്ടുള്ളവർക്ക് അർഹമായ സാമ്പത്തിക സഹായമുൾപ്പെടെ നൽകി പാർപ്പിടങ്ങൾ പൂർത്തീകരിക്കുന്നതിന് സമ്പൂർണ്ണ പാർപ്പിടപദ്ധതിയുടെ ആദ്യഘട്ടത്തിൽ പ്രവർത്തനങ്ങൾ ആരംഭിക്കേണ്ടതാണ്;

10) പൂർത്തിയാക്കാത്ത പാർപ്പിടങ്ങൾ ഉള്ളവർ അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ തങ്ങളുടെ പേര് രജിസ്റ്റർ ചെയ്യുന്നതിനും, ഇതുവരെ ലഭിച്ച സഹായങ്ങളുടെയും അവയുടെ വിനിയോഗത്തിന്റെയും വിവരങ്ങളും, ഭവനം പൂർത്തീകരിക്കുന്നതിന് ആവശ്യമായ ന്യായമായ തുകയുടെ വിവരങ്ങളും നൽകുന്നതിന് അനുവദിക്കേണ്ടതും, ഇങ്ങനെ അപേക്ഷ ലഭിക്കുമ്പോൾ തേർഡ് പാർട്ടി ടെക്നിക്കൽ ഏജൻസികളെ ഉപയോഗിച്ച് വിവരങ്ങളുടെ യാഥാർത്ഥ്യം പരിശോധിക്കേണ്ടതുമാണ്;

11) മേൽ പ്രകാരം ഭവനങ്ങളുടെ പണി പൂർത്തിയാക്കുന്നതിന് ഗുണഭോക്താവിനെ തന്നെ ഏൽപ്പെടുത്തുകയോ, എംപാനൽ ചെയ്തിട്ടുള്ള നിർമ്മാണ ഏജൻസിയെ ചുമതലപ്പെടുത്തുകയോ ചെയ്യാവുന്നതാണ്;

12) ഒറ്റയ്ക്കൊറ്റയ്ക്കുള്ള ഭവനങ്ങൾ നൽകുന്നതിന് നിലവിലുള്ള അപേക്ഷകരുടെ ലിസ്റ്റ് പ്രസിദ്ധീകരിക്കേണ്ടതും, അതോടൊപ്പം പുതിയ അപേക്ഷകൾ ക്ഷണിച്ച് പരിശോധിച്ച് ലിസ്റ്റ് പൂർത്തിയാക്കേണ്ടതുമാണ്

13) കേന്ദ്ര നഗര ഭവന മിഷന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഭവനങ്ങളുടെ വലിപ്പം 600 സ്ക്വയർ ഫീറ്റ് എന്ന് നിശ്ചയിക്കാവുന്നതാണ്.

14) തസ്വഭ മിഷനുകൾ ഭവനങ്ങൾ സ്പോൺസർ ചെയ്യുന്നതിന് വ്യക്തികളെയും സ്ഥാപനങ്ങളെയും കണ്ടുപിടിക്കേണ്ടതാണ്;

15) സംസ്ഥാന തലത്തിലും ജില്ലാതലത്തിലുമുള്ള മിഷനുകൾ, കമ്പനികൾ, ഗവൺമെന്റിതര സംഘടനകൾ, സാമൂഹിക സംഘടനകൾ, മത സ്ഥാപനങ്ങൾ എന്നിവകളുമായി ഭവന നിർമ്മാണത്തിന് പങ്കാളിത്തത്തിൽ ഏർപ്പെടാവുന്നതും, ഇത്തരം നിർമ്മാണ പ്രവർത്തനങ്ങൾ തേർഡ് പാർട്ടി ടെക്നിക്കൽ ഏജൻസികളുടെ ഓഡിറ്റിന് വിധേയമാക്കേണ്ടതുമാണ്;

16) മണൽ ഉൾപ്പെടെയുള്ള നിർമ്മാണ സാമഗ്രികളുടെ ലഭ്യത, ഭവന നിർമ്മാണത്തിന് മുൻഗണനാടിസ്ഥാനത്തിൽ ഉറപ്പ് വരുത്താൻ ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകേണ്ടതാണ്;

17) ലൈഫ് പ്രോജക്ടിൽ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കാനും സൂക്ഷ്മ പരിശോധന നടത്താനും മുൻഗണന നിർണ്ണയിക്കാനും ലൈഫ് പദ്ധതിരേഖയിൽ വിവരിക്കുന്ന ശാസ്ത്രീയ മാനദണ്ഡങ്ങളും പ്രക്രിയകളും ഉപയോഗിക്കേണ്ടതാണ്;

18) ലൈഫ് പ്രോജക്ട് നടപ്പാക്കാനായി, മിച്ച ഭൂമി സർക്കാർ ഭൂമി എന്നിവ ഉൾപ്പെടെ അനുയോജ്യമായ സ്ഥലം കണ്ടെത്തുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളോടൊപ്പം ജില്ലാ കളക്ടർമാരും നടപടി സ്വീകരിക്കേണ്ടതാണ്

19) പദ്ധതി നിർവ്വഹണത്തിൽ ലൈഫ് പ്രോജക്ടിലെ ഗുണഭോക്താക്കളുടെ പങ്കാളിത്തം ഉറപ്പ് വരുത്തുന്നതിന് സാമൂഹിക വിദഗ്ദ്ധരുടെ സഹായത്താൽ ഒരു പങ്കാളിത്ത നടത്തിപ്പ് രീതി അനുവർത്തിക്കേണ്ടതാണ്;

20) കേന്ദ്ര സർക്കാർ ഏജൻസിയായ ബിൽഡിംഗ് ടെക്നോളജി പ്രൊമോഷൻ കൗൺസിൽ കണ്ടെത്തിയിട്ടുള്ള പ്രീ എഞ്ചിനീയറിംഗ്, പ്രീ ഫാബ് സാങ്കേതിക വിദ്യകൾ പദ്ധതി നിർവ്വഹണത്തിൽ ഉപയോഗിക്കുന്നതിന് അനുവദിക്കാവുന്നതും, ഇതിനായി ആവശ്യമുള്ള പരിശോധനകൾ നടത്തുന്നതിനും അനുയോജ്യത ഉറപ്പു വരുത്തുന്നതിനും ആവശ്യമായ ശുപാർശകൾ നൽകുന്നതിനും മുഖ്യ തേർഡ് പാർട്ടി ടെക്നിക്കൽ ഏജൻസികളെ ചുമതലപ്പെടുത്തേണ്ടതുമാണ്;

21) തേർഡ് പാർട്ടി ടെക്നിക്കൽ ഏജൻസികൾക്ക് നിലവിലുള്ള സർക്കാർ അംഗീകൃത നിരക്കിൽ കൺസൾട്ടൻസി ചാർജ്ജ് നൽകാവുന്നതാണ്;

22) ന്യൂനപക്ഷ വിഭാഗത്തിലെ സ്വന്തമായി വീടില്ലാത്ത, എന്നാൽ രണ്ട് സെന്റ് ഭൂമിയുള്ള വിധവകൾക്കും ഭർത്താവ് ഉപേക്ഷിച്ചവരുമായ സ്ത്രീകൾക്കായുള്ള ഇമ്പിച്ചിബാവ ഭവന നിർമ്മാണ പദ്ധതി ഈ പദ്ധതിയിൻകീഴിൽ ഉൾപ്പെടുത്തേണ്ടതാണ്;

23) പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പുകൾ മുഖേന നടപ്പിലാക്കുന്ന ഭവന നിർമ്മാണ പദ്ധതികളും ഈ പദ്ധതിയുമായി സംയോജിപ്പിക്കേണ്ടതാണ്;

24) പാർപ്പിട മിഷൻ സഹ അദ്ധ്യക്ഷനും, ഉപ അദ്ധ്യക്ഷൻമാരും ഉൾപ്പെടുന്ന (തദ്ദേശസ്വയം ഭരണം, ധനകാര്യം, ഭവന നിർമ്മാണം, സാമൂഹിക നീതി, വൈദ്യുതി, ജലവിഭവം, തൊഴിൽ, പട്ടികജാതി-പട്ടിക വർഗ്ഗ വികസനം, മത്സ്യബന്ധനം) മന്ത്രിതല സമിതി രൂപീകരിക്കേണ്ടതും ഇവയെല്ലാം പരിശോധിച്ച് നടപടിക്രമങ്ങൾ പാലിച്ച് തുടർ ഉത്തരവുകൾ പുറപ്പെടുവിക്കേണ്ടതുമാണ്.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**
**ഡോ. വി.കെ.ബേബി**
**സ്പെഷ്യൽ സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
എല്ലാ ജില്ലാ കളക്ടർമാർക്കും.
അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം.
എല്ലാ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാർക്കും (ഗ്രാമവികസന കമ്മീഷണർ മുഖേന)
എല്ലാ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
ഡയറക്ടർ ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
തദ്ദേശ സ്വയംഭരണ(ഡി.ഡി) വകുപ്പ്
പൊതുഭരണ (എസ്.സി) വകുപ്പ്.
ധനകാര്യ വകുപ്പ്.
ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് (വെബ് ആന്റ് ന്യൂ മീഡിയ) വകുപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, (തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്) തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**

പകർപ്പ് :- മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
ധനകാര്യ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി.
ഭവന നിർമ്മാണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
സാമൂഹിക നീതി വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
വൈദ്യുതി വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
ജലവിഭവ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
തൊഴിൽ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
മത്സ്യബന്ധന തുറമുഖ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ
തദ്ദേശ സ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എ